"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1915/2023/LSGD തീയതി,തിരുവനന്തപുരം, 27-09-2023

---

പരാമർശം:-

1. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച ബഹു. നിയമസഭാ സമിതി മുമ്പാകെ മുൻപാകെ സമർപ്പിക്കപ്പെട്ട 12-1-2017 - ലെ നിവേദനം
2. പഞ്ചായത്ത് ഡയറക്ടറുടെ 12.12.2018ലെ PAN/25867/2018-J3(DP) നമ്പർ കത്ത്
3. സ.ഉ.(കൈ) നം.86/2022/തസ്വഭവ, തീയതി 19.04.2022
4. സ.ഉ.(കൈ) നം.84/2022/തസ്വഭവ, തീയതി 19.04.2022
5. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറുടെ 13.06.2023ലെ 1019/എസ്.ആർ.ജി./2022 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി കരട് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതിനായി വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥരും വിദഗ്ധരുമാണ് വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങൾ. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം, അവയുടെ ചുമതലകൾ, അവയുടെ പുനസംഘടന എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത മാർഗ്ഗരേഖകളിൽ വിശദമാക്കിയിട്ടുണ്ട്.

2. പദ്ധതി നിർവഹണ വർക്കിംഗ് ഗ്രൂപ്പുകളിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തണമെന്ന് പരാമർശം (1) ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണ വർക്കിംഗ് ഗ്രൂപ്പുകളിൽ ആകെ എണ്ണത്തിന് ആനുപാതികമായി ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ ഉൾക്കൊള്ളിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറും, 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഒരാളെ അംഗമായി ഉൾപ്പെടുത്താവുന്നതാണെന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ,

വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പാണ് ഭിന്നശേഷിയുള്ളവർക്കായുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 'സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ, വയോജനങ്ങൾ മുതലായവ)' എന്ന വർക്കിംഗ് ഗ്രൂപ്പിൽ ഭിന്നശേഷി വിഭാഗത്തിൽ നിന്നുള്ള പ്രതിനിധികളെ നിർബന്ധമായും ഉൾപ്പെടുത്തുന്നതിനും മറ്റ് വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് മേഖലയുമായി ബന്ധപ്പെട്ട് അനുഭവ പരിചയമുള്ള ഭിന്നശേഷി പ്രതിനിധികൾ ഉണ്ടെങ്കിൽ അവരെ ഉൾപ്പെടുത്തുന്നത് പരിഗണിക്കുകയും ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
25. പ്രസിഡന്റ്, അഭയം ഡിഫറന്റ്ലി ഏബിൾഡ് പേഴ്സൻസ് ആൻഡ് പാരന്റ്സ് അസോസിയേഷൻ, എടത്വാ, ആലപ്പുഴ - 689573
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 29-09-2023 10:58:24

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്